കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് - എസ്.സി.എസ്.പി. ഫണ്ട് - പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറിയും, സൈക്കിളും, വൃദ്ധർക്ക് കട്ടിൽ എന്നീ പ്രോജക്ട്കൾക്ക് തുക കൈമാറുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.610/2018/തസ്വഭവ

തിരുവനന്തപുരം, തീയതി, 03.03.2018.

വായന : 1) തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.02.2018 ലെ കത്ത്

2) സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ 4.17 നമ്പർ യോഗ തീരുമാനം

## ഉത്തരവ്

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ മിച്ചമുള്ള എസ്.സി.എസ്.പി. ഫണ്ടിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി, സൈക്കിൾ, വൃദ്ധർക്ക് കട്ടിൽ എന്നീ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് തുക കൈമാറാൻ പ്രോജക്ട് തയ്യാറാക്കിയെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിക്കാത്തതിനാൽ ടി പ്രോജക്ടിന് അനുമതി നൽകണമെന്ന് വായന (1) പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2. ഇക്കാര്യം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാന പ്രകാരം മിച്ചമുള്ള എസ്.സി.എസ്.പി. ഫണ്ടിൽ നിന്നും പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി, സൈക്കിൾ, വൃദ്ധർക്ക് കട്ടിൽ എന്നീ പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തിന് തുക കൈമാറിക്കൊണ്ട് നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ